# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ.ഇ2/28856/16

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
കെ.എസ്.എച്ച്.ബി ബിൽഡിംഗ്
ശാന്തിനഗർ തിരുവനന്തപുരം-14
തീയതി: 27/01/2017.

<u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- SUIIT കഴക്കൂട്ടം - ട്രെയിനിംഗ് ഫോർ ഇംപ്രൂവിംഗ് കമ്മ്യൂണിക്കേഷൻ എബിലിറ്റി ഇൻ ഇംഗ്ലീഷ് ജീവനക്കാരെ നിയോഗിക്കുന്നത്-സംബന്ധിച്ച്.

സൂചന:- SUIIT /167/2016 നമ്പരായ 24.01.2017 നമ്പർ സ്പെഷ്യൽ ഓഫീസറുടെ കത്ത്.

***************

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള Skill Udating Institute for Industrial Training- Kerala യുടെ നേതൃത്വത്തിൽ വകുപ്പിലെ ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന "ട്രെയിനിംഗ് ഫോർ ഇംപ്രൂവിംഗ് കമ്മ്യൂണിക്കേഷൻ എബിലിറ്റി ഇൻ ഇംഗ്ലീഷ്" എന്ന പരിശീലന പരിപാടി 03.2.17 മുതൽ ആരംഭിക്കുന്നതായി സൂചന പ്രകാരം സ്പെഷ്യൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

കാലഘട്ടത്തിനനുസൃതമായി ജീവനക്കാർക്ക് പരിശീലനം നൽകുക എന്നത് SUIIT കേരളയുടെ കർത്തവ്യമാണ്. അതിന്റെ ഭാഗമായി ഇംഗ്ലീഷ് കമ്മ്യൂണിക്കേഷനിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുക എന്നതാണ് ടി ട്രെയിനിംഗിലൂടെ ഉദ്ദേശിക്കുന്നത്.

ആയതിനാൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ പരിശീലന പരിപാടിയിൽ SUIIT കേരള, സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ജീവനക്കാരെ യഥാസമയം പ്രിൻസിപ്പാൾമാർ വിടുതൽ ചെയ്യേണ്ടതും ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രം ജീവനക്കാരെ നിയോഗിക്കാനാവുന്നില്ലെങ്കിൽ പകരം ജീവനക്കാരെ നിയോഗിക്കേണ്ടതുമാണ്.

താങ്കളുടെ വിശ്വസ്തൻ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

ആർ.വി/ഡി.27.1.17